പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3377 **14.03.2018- ൽ മറുപടിയ്ക്ക്**

# താലോലം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എൻ.ഷംസീർ | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| | സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന താലോലം പദ്ധതി എന്താണെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതി പ്രയോജനപ്പെടുന്നത് എങ്ങനെയുള്ളവർക്കാണെന്നും ആയതിന്റെ നടപടിക്രമങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ? | | വാർഷിക വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ 18 വയസ്സുവരെ പ്രായമുള്ള മാരക രോഗബാധിതരായ കുട്ടികൾക്ക് സംസ്ഥാനത്തെ 18 ആശുപത്രികളിലൂടെ പൂർണ്ണമായും സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണ് താലോലം. ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പു സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് താലോലം പദ്ധതിയിൽ സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സാ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവെയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിയ്ക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാണ്. താലോലം പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.<br>1. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.<br>2. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ.<br>3. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ.<br>4. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.<br>5. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം.<br>6. ഐ.എം.സി.എച്ച്. കോഴിക്കോട്. |

| | | | |
|---|---|---|---|
| | | | 7. ഐ.സി.എച്ച്., കോട്ടയം.<br>8. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം.<br>9. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, പരിയാരം, കണ്ണൂർ.<br>10. ഗവ. മെഡിക്കൽ കോളേജ് ചെസ്റ്റ് ആശുപത്രി, തൃശ്ശൂർ.<br>11. എസ്.സി.റ്റി.ഐ.എം.എസ്.റ്റി, തിരുവനന്തപുരം.<br>12. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം.<br>13. എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരം.<br>14. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ<br>15. ജില്ലാ ആശുപത്രി, ആലുവ.<br>16. ICCONS, ഷൊർണ്ണൂർ, പാലക്കാട്.<br>17. ICCONS, തിരുവനന്തപുരം.<br>18. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, മഞ്ചേരി, മലപ്പുറം.<br><br>ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭിക്കുന്നതിനായി പ്രത്യേക അപേക്ഷ ആവശ്യമില്ല. അപേക്ഷകർക്ക സൗകര്യപ്രദമായ മേല്പറഞ്ഞ ആശുപത്രികളിൽ ഏതെങ്കിലും ഒന്നിനെ സമീപിക്കാവുന്നതാണ്. ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് കുട്ടികൾക്ക് മരുന്നിനും മറ്റ് ചികിത്സകൾക്കും ശസ്ത്രക്രിയയ്ക്കും ആവശ്യമായ ചെലവ് താലോലം പദ്ധതിയിൽ ഉൾപ്പെടുത്തി ലഭിക്കുന്നതാണ്. ഇവർക്ക് ആവശ്യമുള്ള സഹായങ്ങളും ചികിത്സയും ലഭ്യമാക്കുന്നതിനായി ആശുപത്രിയിൽ ഒരു കൗൺസിലറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ടി പദ്ധതിയിലൂടെ 13796 കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**